## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം
## കേസ്സുകളിൽ പ്രതികളായിട്ടുള്ള പോലീസ് സേനാംഗങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :1992 | 6/2/2019-ൽ മറുപടിക്ക്

**ചോദ്യം**
ശ്രീ.കെ.ജെ. മാക്സി

**മറുപടി**
പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | നിലവിൽ പോലീസ് സേനയിൽ ജോലി നോക്കിവരുന്ന ഐ.പി.എസ്. ഉദ്യോഗസ്ഥരുൾപ്പെടെയുള്ള സേനാംഗങ്ങളുടെ എണ്ണം എത്ര എന്നും ഇതിൽ വനിത പ്രാതിനിധ്യം എത്ര എന്നും വെളിപ്പെടുത്താമോ ; | (എ) | നിലവിൽ കേരളാ പോലീസ് സേനയുടെ ആകെ അംഗീകൃത അംഗബലം (ഐ.പി.എസ് ഉദ്യോഗസ്ഥരുടെ തസ്തികകൾ ഉൾപ്പെടെ) 49918 ആണ് . ആയതിൽ 4252 തസ്തികകൾ വനിതകൾക്കായി നീക്കിവച്ചിട്ടുണ്ട് .ഇത് സേനയുടെ ആകെ അംഗബലത്തിന്റെ 8.52% ആണ്. നിലവിൽ ഐ.പി.എസ് ഉദ്യോഗസ്ഥർ ഉൾപ്പെടെ ആകെ 4276 വനിതകൾ കേരളാ പോലീസ് സേനയിൽ പ്രവർത്തിയെടുത്തു വരുന്നു . |
| (ബി) | പോലീസ് സേനാംഗങ്ങളിൽ വനിത പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കുമോ ; | (ബി) | പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി G.O(Ms)No.15/2017/Home dated 30/01/2017 പ്രകാരം കേരളത്തിൽ ഒരു വനിതാ പോലീസ് ബറ്റാലിയൻ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ വനിതാ പോലീസ് ഉദ്യോഗസ്ഥരുടെ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ശിപാർശകൾ സംസ്ഥാന പോലീസ് മേധാവി സർക്കാരിലേക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ശുപാർശകൾ പരിശോധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്. |

<table>
<tr>
<td>(സി)</td>
<td>നിലവിൽ സംസ്ഥാനത്ത് ഐ.പി.എസ്. ഉദ്യോഗസ്ഥരടക്കമുള്ള സേനാംഗങ്ങളിൽ വിജിലൻസ് അന്വേഷണം നേരിടുന്നവർ, ക്രിമിനൽ കേസ്സുകളിൽ പ്രതികളായിട്ടുള്ളവർ, പോക്സോ കേസ്സുകളിൽ പ്രതികളായിട്ടുള്ളവർ, സിവിൽ കേസ്സുകളിൽ പ്രതികളായിട്ടുള്ളവർ, സി.ബി.ഐ.അന്വേഷണം നേരിടുന്നവർ, വകുപ്പുതല അന്വേഷണം നേരിടുന്നവർ, സസ്പെൻഷനിൽ കഴിയുന്നവർ, കോടതികളുടെ ശിക്ഷയ്ക്ക് വിധേയരായി സംസ്ഥാനത്തെ വിവിധ ജയിലുകളിൽ കഴിയുന്നവർ എന്നിവർ എത്രയാണെന്ന വിശദാംശം നൽകാമോ ;</td>
<td>(സി)</td>
<td>ഇത് സംബന്ധിച്ച് വിശദ വിവരം ചുവടെ ചേർക്കുന്നു.
<table>
<tr><th></th><th>ഐ.പി.എസ്. ഉദ്യോഗസ്ഥർ</th><th>മറ്റ് പോലീസ് ഉദ്യോഗസ്ഥർ</th></tr>
<tr><td>ക്രിമിനൽ കേസിൽ പ്രതികളായിട്ടുള്ള വരുടെ എണ്ണം</td><td>0</td><td>748</td></tr>
<tr><td>ഇതിൽ പോക്സോ കേസിൽ പ്രതികളായിട്ടുള്ള വരുടെ എണ്ണം</td><td>0</td><td>8</td></tr>
<tr><td>വിജിലൻസ് അന്വേഷണം നേരിടുന്നവരുടെ എണ്ണം</td><td>02</td><td>17</td></tr>
<tr><td>സി.ബി.ഐ അന്വേഷണം നേരിടുന്നവരുടെ എണ്ണം</td><td>0</td><td>15</td></tr>
<tr><td>വകുപ്പുതല അന്വേഷണം നേരിടുന്നവരുടെ എണ്ണം</td><td>04</td><td>892</td></tr>
<tr><td>സസ്പെൻഷനിൽ കഴിയുന്നവരുടെ എണ്ണം</td><td>01</td><td>112</td></tr>
<tr><td>കോടതികളുടെ ശിക്ഷയ്ക്ക് വിധേയരായി സംസ്ഥാനത്തെ വിവിധ ജയിലിൽ കഴിയുന്നവരുടെ എണ്ണം</td><td>0</td><td>0</td></tr>
</table>
സിവിൽ കേസുകളിലുൾപ്പെട്ടിട്ടുള്ളവരുടെ പൂർണ്ണമായ വിവരം ലഭ്യമല്ല.</td>
</tr>
</table>

| | | | |
|---|---|---|---|
| (ഡി) | ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ ഉറപ്പുവരുത്തേണ്ട പോലീസ് സേനാംഗങ്ങളിൽ അഴിമതിയും ക്രിമിനൽ സ്വഭാവവും ഇല്ലായ്മ ചെയ്യുന്നതിന് എന്തെല്ലാം കർശന നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചു വരുന്നത്; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (ഡി) | പോലീസ് ഉദ്യോഗസ്ഥർ പൊതുജനങ്ങളിൽ നിന്നും പണമോ പാരിതോഷികമോ കൈപ്പറ്റുന്നുണ്ടോ എന്ന് കർശനമായി നിരീക്ഷണം നടത്തി വരുന്നതും ഇപ്രകാരമുള്ള ആരോപണങ്ങൾ ഉണ്ടായാൽ ആയതിലേക്ക് അന്വേഷണം നടത്തി നടപടി സ്വീകരിച്ചുവരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ